ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഗോള സമാധാനം ഉറപ്പാക്കുന്നതിന് ലോകം ഇന്ന് ഇന്ത്യയെ ഉറ്റു നോക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Today the world is looking at India to ensure global peace says Prime Minister Narendra Modi.**

2. രണ്ടാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് ഇനി 4 ദിനം കൂടി, കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളിൽ പ്രചാരണം ഉച്ചസ്ഥായിയിൽ, ദേശീയ നേതാക്കളെ അണിനിരത്തി മുന്നണികൾ.

   **four days left for the second phase of Lok Sabha elections, campaigning at its peak in the states including Kerala, various national leaders lead the campaign**

3. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ടത്തിലെക്കുള്ള സ്ഥാനാർഥിത്വം പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

   **The deadline for withdrawing candidature for the third phase of the Lok Sabha elections ends tomorrow.**

4. കേരളത്തിൽ വീട്ടിൽ വോട്ട് പ്രക്രിയയ്ക്ക് അപേക്ഷിച്ചവരിൽ 81 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

The Chief Electoral Officer says that in Kerala 81 percent of the elderly and disabled cast their vote through home voting

5. യുക്രെയിൻ, ഇസ്രായേൽ, തായ്‌വാൻ എന്നീ രാജ്യങ്ങൾക്ക് 95 ശതകോടി ഡോളർ സുരക്ഷാ സഹായം നൽകാൻ അമേരിക്കൻ പ്രതിനിധി സഭയുടെ അംഗീകാരം.

The US House of Representatives approves $95 billion in security aid to Ukraine, Israel and Taiwan.

6. ഐ പി എൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്- റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു മത്സരം പുരോഗമിക്കുന്നു. രണ്ടാംമത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ ടോസ് നേടിയ പഞ്ചാബ് ബാറ്റിംഗ് തെരഞ്ഞെടുത്തു.

In IPL cricket Kolkata Knight Riders - Royal Challengers Bangalore match is progressing. In the second match, Punjab wins the toss and chose to bat against Gujarat Titans.

&&&&&&&&&&&&&&&&&

## HEADLINE 1

## NEW DAY PM- MAHAVEER

ആഗോള സമാധാനം ഉറപ്പാക്കുന്നതിന് ലോകം ഇന്ന് ഇന്ത്യയെ ഉറ്റു നോക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. വിദേശനയത്തിലും സാംസ്കാരിക പ്രതിച്ഛായയിലും ഉണ്ടായ മാറ്റമാണ് ഇതിന് കാരണമെന്നും ശ്രീ. മോദി പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ 2,550-ാമത് ഭഗവാൻ മഹാവീർ നിർവാൺ മഹോത്സവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. സത്യം, അഹിംസ എന്നീ മൂല്യങ്ങളെ ഇന്ത്യ ആത്മവിശ്വാസത്തോടെ മുന്നോട്ട് വയ്ക്കുന്നു. വിവിധ ആഗോള പ്രശ്നങ്ങൾക്കുള്ള പരിഹാരം നമ്മുടെ സംസ്കാരത്തിലും പാരമ്പര്യത്തിലും ഉണ്ടെന്നും, അതിനാലാണ് വിഭജിതമായ ലോകത്ത് 'വിശ്വ

ബന്ധു' എന്ന സ്ഥാനം നേടാൻ രാജ്യത്തിന് കഴിഞ്ഞതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&

## PM- CIVIL SERVICE DAY

ഭരണവും പൊതുക്ഷേമവും മുന്നോട്ട് കൊണ്ടുപോകുന്നതിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥർ നിർണായക പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. വിവിധ നയങ്ങൾ നടപ്പിലാക്കുന്നതിലും, വെല്ലുവിളികളെ അതിജീവിക്കുന്നതിലും, സാമൂഹിക മാറ്റത്തിന് നേതൃത്വം നൽകുന്നതിലും സിവിൽ സർവീസ് ഉദ്യോഗസ്ഥർ മുൻനിരയിലാണെന്നും രാജ്യത്തെ സേവിക്കുന്നതിലെ അവരുടെ പ്രതിബദ്ധതയും കഠിനാധ്വാനവും അങ്ങേയറ്റം വിലമതിക്കപ്പെടുവെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## SECOND PHASE

രാജ്യത്ത് രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പ് ഈ മാസം 26ന് നടക്കും. കേരളത്തിലെ 20ഉം, കർണാടകയിലെ 14ഉം, രാജസ്ഥാനിൽ 13ഉം, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ എട്ട് ലോക്സഭാ മണ്ഡലങ്ങളും രണ്ടാം ഘട്ടത്തിൽ വിധിയെഴുതും. ഇതിനു പുറമെ മധ്യപ്രദേശിൽ നിന്ന് ഏഴു സീറ്റുകളിലേക്കും, അസം, ബിഹാർ എന്നിവിടങ്ങളിൽ നിന്ന് അഞ്ച് സീറ്റുകളിലേക്കും, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിൽ മൂന്ന് സീറ്റുകളിലേക്കുമുള്ള തിരഞ്ഞെടുപ്പും രണ്ടാം ഘട്ടത്തിലാണ് നടക്കുക. ത്രിപുരയിലെയും ജമ്മു കാശ്മീരിലെയും ഒരു ലോക്സഭാ മണ്ഡലത്തിലും വെള്ളിയാഴ്ചയാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&

## HEADLINE 3
## THIRD PHASE

മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൻറെ സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം നാളെ. നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ അവസാനിച്ചിരുന്നു. മൂന്നാം ഘട്ടത്തിൽ 10 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 94 പാർലമെൻറ് സീറ്റുകളി ലേക്കാണ് വോട്ടെടുപ്പ് നടക്കുക. മെയ് ഏഴിനാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&

## REV. CONGRESS- CEC

ലോക് സഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് കോൺഗ്രസ്സ് കേന്ദ്ര തിരഞ്ഞെടുപ്പ് സമിതി യോഗം ഇന്ന് ന്യൂ ഡൽഹിയിൽ ചേർന്നു. പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, പാർലമെന്ററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി, മുതിർന്ന നേതാക്കൾ, എന്നിവർ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## J P NADDA CAMPAIGN – NAGPUR

ബി ജെ പി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ മഹാരാഷ്ട്രയിലെ ബുൽദാന ജില്ലയിൽ ബി ജെ പി പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. കഴിഞ്ഞ പത്ത് വർഷത്തെ കേന്ദ്ര സർക്കാർ നേട്ടങ്ങളിൽ ഊന്നിയായിരുന്നു പ്രചാരണം. പശ്ചിമ വിദർഭ മേഖലയിലുള്ള ബുൽദാനയിൽ രണ്ടാം ഘട്ടമായ വെള്ളിയാഴ്ചയാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&

## HEADLINE 2
## CAMPAIGNING- VARIOUS INTRO

രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് നാല് ദിവസം ശേഷിക്കെ പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

വിശദാംശങ്ങളിലേക്ക്.....

(വോയ്സ്)

**CAMPAIGNING- VARIOUS - VOICE**

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് രാജസ്ഥാനിലെ ജെലോറിലെ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗ് പശ്ചിമബംഗാളിലെ മുർഷിദാബാദിലും, ആഭ്യന്തരമന്ത്രി അമിത് ഷാ ബിഹാറിലെ കതിഹാറിലും ബി ജെ പി പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. ജെ ഡി യു നേതാവും ബിഹാർ മുഖ്യമന്ത്രിയുമായ നിതീഷ് കുമാർ കിഷൻ ഗഞ്ചിൽ എൻ ഡി എ ക്ക് വേണ്ടി തിരഞ്ഞെടുപ്പ് പ്രചാരണം നടത്തി. ബി ജെ പി നേതാവും ഉത്തർ പ്രദേശ് മുഖ്യമന്ത്രിയുമായ യോഗി ആദിത്യനാഥ് ഛത്തീസ്ഗഡിലെ രാജ്നന്ദ്ഗാവോനിൽ എൻ ഡി എ പ്രചാരണത്തിൽ പങ്കെടുത്തു. കോൺഗ്രസ്സ് നേതാക്കളായ പ്രിയങ്ക ഗാന്ധി, സച്ചിൻ പൈലറ്റ്, ഭൂപേഷ് ഭാഗേൽ തുടങ്ങിയവർ രാജ്നന്ദ്ഗാവോനിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. രാജസ്ഥാനിലെ ജലോർ ജില്ലയിലെ റാണിവാദയിൽ നടന്ന കോൺഗ്രസ്സ് പ്രചാരണത്തിൽ മുൻ മുഖ്യമന്ത്രി അശോക് ഗെഹ്ലോട്ട് പങ്കെടുത്തു. ഉത്തർപ്രദേശിൽ ബി എസ് പി നേതാവ് മായാവതി ഇന്ന് അംറോഹയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&

**V K SINGH**

ആഗോളതലത്തിൽ മറ്റ് രാജ്യങ്ങൾക്ക് ഇന്ത്യ പ്രതീക്ഷ നൽകുന്നതായി കേന്ദ്ര മന്ത്രി വി. കെ സിംഗ്. മലപ്പുറം എടവണ്ണപാറയിൽ എൻ ഡി എ സ്ഥാനാർത്ഥി കെ അബ്ദുൾ സലാമിൻ്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിൻ്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് ബി ജെ പിക്ക് അനുകൂല സാഹചര്യമാണുള്ളതെന്നും ശ്രീ വി. കെ സിംഗ് അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&

## D RAJA- KOZHIKODE

രാഷ്ട്രീയ നിലപാട് ഇല്ലാത്തതിനാലാണ് കോൺഗ്രസ് നേതാക്കൾ മുഖ്യമന്ത്രി പിണറായി വിജയനെതിരെ വ്യക്തിപരമായ വിമർശനങ്ങൾ ഉന്നയിക്കുന്നതെന്ന് സിപിഐ ജനറൽ സെക്രട്ടറി ഡി രാജ കോഴിക്കോട്ട് വാർത്താസമ്മേളനത്തിൽ പറഞ്ഞു '. രാഷ്ട്രീയ സ്ഥിതിഗതികൾ മനസിലാക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള പ്രതികരണങ്ങൾ ഉണ്ടാവുന്നതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## P CHIDAMBARAM

ഐ എൻ ഡി ഐ മുന്നണി അധികാരത്തിലെത്തിയാൽ പൗരത്വ ഭേദഗതി നിയമം റദ്ദാക്കുമെന്ന് കോൺഗ്രസ് പ്രവർത്തക സമിതിയംഗവും പ്രകടന പത്രിക രൂപീകരണ സമിതി ചെയർമാനുമായ പി. ചിദംബരം. പൗരത്വ നിയമ ഭേദഗതിയെക്കുറിച്ച് പ്രകടന പത്രികയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ കോൺഗ്രസിൻറെ നിലപാടിനെ തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരണമാണ് സിപി ഐ എം

നടത്തുന്നതെന്നും ചിദംബരം പറഞ്ഞു. കെപിസിസി മാധ്യമസമിതിയുടെ മുഖാമുഖം പരമ്പരയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&

**SHASHI THAROOR CASE**

തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിനെതിരെ വ്യാജ ആരോപണം ഉന്നയിച്ചെന്ന പരാതിയിൽ യുഡിഎഫ് സ്ഥാനാർത്ഥി ശശി തരൂരിനെതിരെ പൊലീസ് കേസെടുത്തു. മതസംഘടനകൾക്ക് പണം നൽകി രാജീവ് ചന്ദ്രശേഖർ വോട്ടു തേടുന്നതായി ഒരു സ്വകാര്യ ചാനലിന്റെ അഭിമുഖത്തിൽ ശശി തരൂർ ആരോപിച്ചിരുന്നു. ഇതിനെതിരായ പരാതിക്കാണ് തിരുവനന്തപുരം സൈബർ പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്.

&&&&&&&&&&&&&&&&&

**HEADLINE 4**

**ELECTION- SANJAY KOUL**

കേരളത്തിൽ മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും വീട്ടിൽ വോട്ട് ചെയ്യുന്നതിന് ഒരുക്കിയിട്ടുള്ള വീട്ടിൽ വോട്ട് പ്രക്രിയയ്ക്ക് അപേക്ഷിച്ചവരിൽ 81 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. സംസ്ഥാനത്ത് ഇതുവരെ 1,42,799 പേർ വീട്ടിൽ വോട്ടു ചെയ്തു. 85 വയസ്സിൽ കൂടുതൽ പ്രായമുള്ള 1,02,285 പേരും ഭിന്നശേഷിക്കാരായ 40,514 പേരും ഇതിൽപ്പെടുന്നു. ഏപ്രിൽ 25 വരെ വീട്ടിൽ വോട്ട് തുടരും.

&&&&&&&&&&&&&&&&&

**NET DIRECT TAX COLLECTIONS**

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തെ പ്രത്യക്ഷ നികുതി വരുമാനം 19.58 ലക്ഷം കോടി കടന്നതായി പ്രൊവിഷണൽ കണക്കുകൾ. മുൻ വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 7.4 ശതമാനം വർധനയാണുണ്ടായത്.

&&&&&&&&&&&&&&&&&

**CHHATISGARH - BUS ACCIDENT**

ഛത്തീസ്ഗഢിലെ ബസ്തറിലുണ്ടായ ബസ് അപകടത്തിൽ ഒമ്പത് സുരക്ഷാ സേനാ ഉദ്യോഗസ്ഥർക്ക് പരിക്ക്. മൂന്ന് പേരുടെ നില ഗുരുതരമാണ്. ബസ്തറിലെ വോട്ടെടുപ്പ് കഴിഞ്ഞ് ഗരിയബന്ദ് ജില്ലയിലേക്ക് പോവുകയായിരുന്ന മധ്യപ്രദേശ് സായുധ സേനാ ജവാന്മാരാണ് അപകടത്തിൽ പെട്ടത്.

&&&&&&&&&&&&&&&&&

**CHHATISGARH – ENCOUNTER**

ഛത്തീസ്ഗഢിലെ ബിജാപൂരിൽ സുരക്ഷാ സേനയുമായി ഉണ്ടായ ഏറ്റുമുട്ടലിൽ ഒരു മാവോയിസ്റ്റ് കൊല്ലപ്പെട്ടു. ജില്ലയിലെ ഭൈരാംഗഢിൽ മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന ഇൻറലിജൻസ് വിവരത്തിൻറെ അടിസ്ഥാനത്തിൽ നടത്തിയ തിരച്ചിലിനിടെയായിരുന്നു ഏറ്റുമുട്ടൽ.

&&&&&&&&&&&&&&&&&

**POONCH – ARRESTED**

ജമ്മു കശ്മീരിലെ പൂഞ്ചിൽ ആയുധങ്ങളുമായി ഒരു സ്കൂൾ ഹെഡ് മാസ്റ്റർ പിടിയിലായി. പോലീസും സൈന്യവും നടത്തിയ സംയുക്ത തിരച്ചിലിനിടെയാണ് ഇയാൾ പിടിയിലായത്. പിസ്റ്റൾ, ഗ്രനേഡ് തുടങ്ങിയവ ഇയാളുടെ പക്കൽ നിന്ന് കണ്ടെടുത്തു.

&&&&&&&&&&&&&&&&&

## ODISHA-FOREST FIRES

ഒഡീഷയിലെ മയൂർഭംജ് ജില്ലയിലെ സിംലിപാൽ കടുവാ സങ്കേത്തിൽ കാട്ടുതീ. 31 ഇടങ്ങളിലാണ് കാട്ടുതീ കണ്ടതെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. തീ നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&

## HEADLINE 5

## US SECURITY ASSISTANCE

യുക്രെയിൻ, ഇസ്രായേൽ, തായ്‌വാൻ എന്നീ രാജ്യങ്ങൾക്ക് 95 ശതകോടി ഡോളർ സുരക്ഷാ സഹായം നൽകാൻ അമേരിക്കൻ പ്രതിനിധി സഭയുടെ അംഗീകാരം. ബിൽ വരും ദിവസങ്ങളിൽ സെനറ്റ് പരിഗണിച്ചേക്കും. യുക്രയിനിലെ അമേരിക്കൻ ആയുധസാമഗ്രികളുടെ കുറവ് നികത്തുത്തിന് 23 ബില്യൺ, ഗാസയിലേക്ക് മാനുഷിക സഹായം എത്തിക്കുന്നതിന് 9.1 ബില്യൺ എന്നിവ വകയിരുത്തുന്നതാണ് ബിൽ. തായ്‌വാൻ ഉൾപ്പെടെയുള്ള ഇന്തോ-പസിഫിക് മേഖലക്കായി 8.12 ബില്യൺ ഡോളർ ബില്ലിൽ വകയിരുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## BLINKENS VISIT

അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ ചൈന സന്ദർശിക്കും. ഈ മാസം 24 മുതൽ 26 വരെയാണ് സന്ദർശനം, പശ്ചിമേഷ്യൻ സംഘർഷം, റഷ്യ- യുക്രെയ്ൻ യുദ്ധം, ചൈനയും തായ്‌വാനുമായും തെക്കൻ ചൈന കടൽ സംബന്ധിച്ചുമുള്ള പ്രശ്നങ്ങൾ തുടങ്ങി വിവിധ ആഗോള വിഷയങ്ങൾ സന്ദർശനത്തിൽ ചർച്ചയാകും.

&&&&&&&&&&&&&&&&&

## HEADLINE 6

## IPL

ഐ പി എൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളുരുവിരിന് 223 റൺ വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത കൊൽക്കത്ത നിശ്ചിത ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 222 റൺ നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ബെംഗളുരു ഒടുവിൽ വിവരം ലഭിക്കുമ്പോൾ 19.1 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 208 റൺ എന്ന നിലയിലാണ്.

&&&&&&&&&&&&&&&&&

## ROWING OLYMPIC QUOTA

ദക്ഷിണ കൊറിയയിൽ നടന്ന 2024 ലോക ഏഷ്യൻ, ഓഷ്യാനിയൻ ഒളിമ്പിക് തുഴച്ചിൽ യോഗ്യതാ മത്സരത്തിൽ ഇന്ത്യയുടെ ബൽരാജ് പൻവാർ ഇടം നേടി. പുരുഷ സിംഗിൾസ് സ്കൾ വിഭാഗത്തിൽ 2000 മീറ്റർ റെയിസ് ഏഴ് മിനിറ്റ് 1.27 സെക്കൻഡിൽ മൂന്നാമതായി ഫിനിഷ് ചെയ്താണ് പവാർ ഒളിമ്പിക് യോഗ്യത നേടിയത്.

&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&